**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1748** **29-09-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക വിളകൾക്ക് ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികവിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; ഏതൊക്കെ വിളകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്.<br><br>**1.** സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി<br><br>തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില. പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ 27 കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. ദീർഘകാലവിളകൾക്ക് കായ്ച്ച് തുടങ്ങുന്നതു വരെയുള്ള കാലത്തേയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>**2.** കേന്ദ്രസംസ്ഥാനാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി<br><br>**പ്രധാനപ്പെട്ട 27 വിളകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെല്ല്, കമുക്, വാഴ, വെറ്റില, ഏലം, കശുമാവ്, ഗ്രാമ്പൂ കൊക്കോ, തെങ്ങ്, ഇഞ്ചി, നിലക്കടല, മാവ്, ജാതി, കുരുമുളക്, പൈനാപ്പിൾ, പയർവർഗ്ഗങ്ങൾ (ഉഴുന്ന്, വൻപയർ, ചെറുപയർ, ഗ്രീൻപീസ്, സോയാബീൻ), റബ്ബർ, എള്ള്, കരിമ്പ്, മരച്ചീനി, തേയില, കിഴങ്ങുവർഗ്ഗങ്ങൾ (ചേമ്പ്, ചേന, കാച്ചിൽ, മധുരക്കിഴങ്ങ്), മഞ്ഞൾ, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി), ഉരുളക്കിഴങ്ങ്, തക്കാളി, പച്ചക്കറി (പടവലം, പാവൽ, പയർ, കുമ്പളം, വെള്ളരി, മത്തൻ, വെണ്ട, മുളക്, കാബേജ്, കാരറ്റ്, വെളുത്തുള്ളി, ഫ്രഞ്ച് ബീൻസ്), കാപ്പി മുതലായ കൃഷികൾ.** |

| | | | |
|---|---|---|---|
| (ബി) | പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ള കർഷക വിഭാഗങ്ങൾ ഏതൊക്കെയാണെന്നും ഏതൊക്കെ വിഭാഗം ദുരന്തങ്ങൾക്കാണ് നഷ്ടപരിഹാരം നൽകുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | എല്ലാ ചെറുകിട നാമമാത്ര കർഷകർക്കും കേന്ദ്ര-സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകാം.<br><br>**1.** സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി<br><br>സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിനു അർഹതയുണ്ട്. നെൽകൃഷിക്ക് ഗ്രൂപ്പ്ഫാമിങ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിങ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേർക്കാവുന്നതാണ്.<br><br>വനം വകുപ്പിന്റെ അനുമതിയോടെ വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്രകൃതിക്ഷോഭം മൂലവും, വന്യജീവി ആക്രമണം മൂലവും വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് നഷ്ടപരിഹാരം നൽകുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, കൊടുംകാറ്റ്, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, കടലാക്രമണം എന്നിവ മൂലം വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന സംരക്ഷണം നൽകുന്നത്.<br><br>നെൽകൃഷിക്ക് കീടരോഗബാധ മൂലം ഉണ്ടാകുന്ന നാശങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50%ൽ അധികം നഷ്ടം ഉണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതാണ്. ഇൻഷ്വർ ചെയ്ത് 7 ദിവസം കഴിഞ്ഞ് ഉണ്ടാകുന്ന കൃഷിനാശത്തിന് മാത്രമാണ് നഷ്ടപരിഹാരം നൽകുന്നത്.<br><br>**2.** കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി<br><br>കാർഷിക ലോൺ എടുത്ത കർഷകർക്ക് (loanee farmers) അതാതു ബാങ്ക് മുഖേനയും ലോൺ ഇല്ലാത്ത കർഷകർക്ക് (non-loanee farmers) കോമൺ |

| | | | |
|---|---|---|---|
| | | | സർവ്വീസ് സെന്റർ, അക്ഷയ കേന്ദ്രങ്ങൾ വഴിയും നിശ്ചിത പ്രീമിയം തുക അടച്ച് പദ്ധതിയിൽ ചേരാം. വിളയുടെ ഇൻഷ്വറൻസ് തുകയുടെ 1.5% മുതൽ 5% വരെ കർഷകർ പ്രീമിയം അടക്കേണ്ടതായുണ്ട്.<br><br>വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. കാലാവസ്ഥ ഘടകങ്ങളായ മഴയുടെ കുറവ്/കൂടുതൽ ഉയർന്ന താപനില, കീടരോഗങ്ങൾക്കു സാധ്യതയുള്ള കാലാവസ്ഥ വ്യതിയാനം, കാറ്റിന്റെ വേഗത തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾക്കാണ് നഷ്ട പരിഹാരം നൽകുന്നത്. |
| (സി) | സംസ്ഥാനത്ത് നിരവധി കർഷകർ വിള ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും പുറത്തായിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണമെന്നും ടി കർഷകരെ ഉൾപ്പെടുത്തുന്നതിന് സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ? | (സി) | ഇല്ല. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാത്ത കർഷകർക്ക്, കൃഷിഭവൻ വഴി കർഷകർ സാങ്കേതിക തകരാറുകളോ മറ്റ് കാരണങ്ങൾ അറിയിച്ചുകൊണ്ടോ അപേക്ഷ നൽകുമ്പോൾ FIR ഇട്ട് അർഹരായ കർഷകർക്ക് അപേക്ഷ സമർപ്പിക്കാൻ ഉള്ള തീയതി നീട്ടി നൽകാറുണ്ട്. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ 2025 ഒന്നാം വിള ഖാരിഫ് സീസണിൽ പദ്ധതിയിൽ ചേരുന്നതിന് കേന്ദ്ര സർക്കാർ അഗ്രി സ്റ്റാക്ക് രജിസ്ട്രേഷൻ നിർബന്ധം ആക്കിയിരുന്നു. എന്നാൽ സംസ്ഥാനത്തെ എല്ലാ കർഷകരും അഗ്രി സ്റ്റാക്ക് രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്തതിനാൽ പ്രസ്തുത നിബന്ധന ഒഴിവാക്കി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ആയതു ഖാരിഫ് സീസണിൽ ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>2025 ഖാരിഫ് സീസണിൽ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 30 വരെ ആയിരുന്നു. എന്നാൽ പദ്ധതിയിൽ ചേരുവാനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകണമെന്നു കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും അപ്രകാരം ജൂലൈ 15, ഓഗസ്റ്റ് 15, ഓഗസ്റ്റ് 30 എന്ന ക്രമത്തിൽ 3 പ്രാവശ്യം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ